# തൊഴിലാളികളെ പഴിചാരി ബിർല രക്ഷപ്പെടുന്നു

**ഇക്കോമീഡിയ ന്യൂസ് സർവ്വീസ്**

തിരുവനന്തപുരം: മാവൂർ ഗ്രാസിം കമ്പനിക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കളും മറ്റും ഉറപ്പുവരുത്തി കമ്പനി അധികൃതരോട് കൂറു പ്രഖ്യാപിക്കുന്ന തൊഴിലാളികളെയും തൊഴിലാളി സംഘടനകളെയും കമ്പനി കയ്യൊഴിയുന്നു. കമ്പനി പൂട്ടാൻ അനുമതി ചോദിച്ചുകൊണ്ടുള്ള അപേക്ഷയിൽ അധികൃതർ കുറ്റപ്പെടുത്തുന്നത് ഫാക്ടറി തൊഴിലാളികളെയും സംഘടനകളെയുമാണ്.


തൊഴിലാളികളുടെ കൂലിനിരക്കിൽ വർദ്ധന വരുത്തിക്കൊണ്ട് ദീർഘകാല കരാറുണ്ടാക്കിയതാണ് കമ്പനി നഷ്ടത്തിലാവാൻ മുഖ്യകാരണങ്ങളിലൊന്ന് എന്നാണ് ഗ്രാസിം അധികൃതർ ചൂണ്ടിക്കാട്ടുന്നത്. ഇതു കമ്പനിയുടെ ഉത്പാദന ചെലവ് ഏറെ വർദ്ധിക്കാൻ കാരണമാക്കി.

തൊഴിലാളികൾ നിസഹകരണ സമരം ആരംഭിച്ചതുകൊണ്ടു പൾപ്പ് - ഫൈബർ പ്ലാന്റുകളുടെ പ്രവർത്തനം തകരാറിലായി. 383 താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതു മൂലം ഫാക്ടറിയുടെ നഷ്ടം വലിയതോതിൽ വർദ്ധിച്ചു എന്നാണ് ആരോപണം.

പൾപ്പ് വിഭാഗത്തിൽ 4 ഷിഫ്റ്റുകളിലായി 1281 സ്ഥിരം തൊഴിലാളികളും ഫൈബർ വിഭാഗത്തിൽ 845 തൊഴിലാളികളുമാണുള്ളത്. പൾപ്പ് വിഭാഗത്തിൽ വേതനമായി വരവിന്റെ 19.61 ശതമാനവും ഫൈബർ വിഭാഗത്തിൽ 16.52 ശതമാനവുമാണ് ചിലവായത്. തൊഴിലാളികളുടെ നിസഹകരണം മാനേജ്മെന്റ് മനഃപൂർവം ഉണ്ടാക്കിയ അവസ്ഥയാണെന്ന് തൊഴിലാളി യൂണിയനുകൾ ചൂണ്ടിക്കാട്ടുന്നു. എന്നാൽ കമ്പനിയിലെ വേതന ഘടനയെക്കുറിച്ച് വേണ്ടത്ര പഠനങ്ങൾ തൊഴിലാളി യൂണിയനുകൾ നടത്തിയിട്ടില്ല എന്നാണ് അവർ നല്കിയ മറുപടികൾ സൂചിപ്പിക്കുന്നത്.

കേരളത്തിലെ തൊഴിലാളികൾക്ക് വേതന നിരക്ക് അല്പം കൂടുതലാണെങ്കിലും ഉത്പാദനക്ഷമത മറ്റിടങ്ങളെ അപേക്ഷിച്ച് 26 ശതമാനത്തോളം അധികമാണെന്ന് 12 വർഷം മുമ്പ് ഗ്രാസിം മാനേജ്മെന്റ് നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതാണ് വർദ്ധിച്ച വേതന നിരക്ക് ഇവിടെ നല്കാൻ കാരണം.

മാവൂർ കമ്പനിയിലെ ശരാശരി വേതന നിരക്ക് 3300 രൂപയോളമാണ്. (ഇപ്പോൾ വിദഗ്ധ തൊഴിലാളികൾക്ക് കേരളത്തിലെ ശരാശരി കൂലി നിരക്ക് പ്രതിദിനം 200 രൂപയോളമാണ്. അവി



ദഗ്ധ തൊഴിലാളിക്ക് 100 മുതൽ 150 രൂപ വരെ പ്രതിദിനം കൂലിയുണ്ട്). കേരളത്തിലെ അസംഘടിത മേഖലയിലെ അവിദഗ്ധ തൊഴിലാളിക്ക് പ്രതിദിനം കിട്ടുന്ന കൂലിയേക്കാൾ കുറവാണ് റയോൺസിലെ സംഘടിത മേഖലയിലെ തൊഴിലാളിക്ക് കിട്ടുന്നത്.

കഴിഞ്ഞ വർഷങ്ങളിൽ ലാഭവിഹിതത്തിൽ ഗ്രാസിം കടത്തിക്കൊണ്ടുപോയത് 250 കോടി രൂപയാണ്. തൊഴിലാളികളെയും കേരളത്തിലെ പ്രകൃതി വിഭവങ്ങളെയും ചൂഷണം ചെയ്താണ് ഈ തുകയത്രയും സമ്പാദിച്ചത്. ഈ വർഷം മാത്രമാണ് കമ്പനിക്ക് ചെറിയ നഷ്ടമുണ്ടായത്. ഇത് മനഃപൂർവമായി വരുത്തിയതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കമ്പനിയുടെ മറ്റു യൂണിറ്റുകളിൽ ഇതേ അവസ്ഥ നിലനില്ക്കേ, ലാഭമുണ്ടാക്കിയിട്ടുണ്ട് എന്നതാണ് ശ്രദ്ധിക്കേണ്ട വസ്തുത. തൊഴിലാളികളുടെയും സർക്കാരിന്റെയും മേൽ സമ്മർദ്ദം ചെലുത്തി അസംസ്കൃത വസ്തുക്കളുടെ വില കുറയ്ക്കുകയും തൊഴിലാളികളുടെ വേതനം മരവിപ്പിക്കുകയും ചെയ്യുകയെന്ന ഒറ്റ ലക്ഷ്യമാണ് ഈ തന്ത്രത്തിന് പിന്നിൽ. ഈ തന്ത്രങ്ങൾ തിരിച്ചറിഞ്ഞിട്ടും അതിന് വഴങ്ങിക്കൊണ്ടിരിക്കയാണ് സർക്കാരും തൊഴിലാളി നേതാക്കളും.